പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2156 18/07/2016 -ൽ മറുപടിയ്ക്ക്

**<u>സർക്കാർ സ്കൂളുകളെ സംരക്ഷിക്കുന്നതിനുള്ള നടപടി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | പ്രൊ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) കഴിഞ്ഞ സർക്കാർ അധികാര ത്തിലേറിയ വർഷവും 2016-17 അധ്യയന വർഷവും പൊതു വിദ്യാലയങ്ങളിൽ എത്ര കുട്ടികൾ പഠനത്തിനെത്തി എന്ന് സർക്കാർ / എയ്ഡഡ്/ അൺഎയ്ഡഡ്/ മറ്റ് കേന്ദ്ര സിലബസ് പഠനമുള്ള സ്വകാര്യ സ്കൂളുകൾ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

(എ) സർക്കാർ/ എയ്ഡഡ്/ അൺഎയ്ഡഡ് മേഖലയിൽ പ്രവേശനം നേടിയ കുട്ടികളുടെ വിവരം

| പൊതുവിദ്യാഭ്യാസ വകുപ്പിൽ | | | | |
|---|---|---|---|---|
| വർഷം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| 2011-12 | 1264010 | 2598451 | 372824 | 4235285 |
| 2016-17 | 1126243 | 2156965 | 418369 | 3701577 |

| ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല | | | | |
|---|---|---|---|---|
| വർഷം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| 2011-12 | 149372 | 146322 | 33703 | 329397 |
| 2016-17 | 2016-17 ൽ പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല. | | | |

| വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല | | | | |
|---|---|---|---|---|
| വർഷം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| 2011-12 | 17979 | 9883 | --- | 27862 |
| 2016-17 | 2016-17 ൽ പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല. | | | |

മറ്റ് കേന്ദ്ര സിലബസ് പഠനമുള്ള സ്വകാര്യ സ്കൂളുകളിലെ വിവരം ലഭ്യമല്ല.

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ 5 വർഷം കൊണ്ട് എത്ര ശതമാനം കുട്ടികളുടെ കുറവ് സർക്കാർ സ്കൂളുകളിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | a)പൊതുവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 5 വർഷം കൊണ്ട് 10.9% കുട്ടികൾ സർക്കാർ സ്കൂളുകളിൽ കുറഞ്ഞിട്ടുണ്ട്<br>b)ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ കുറവ് വന്നിട്ടില്ല. |
| (സി) | സർക്കാർ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനും, യഥാസമയം പാഠപുസ്തക വിതരണം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കാനും സർക്കാരുദ്യോഗസ്ഥരുടെ മക്കളെ സർക്കാർ സ്കൂളുകളിൽ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു വേണ്ട ബോധവത്ക്കരണം നടത്തുവാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ്, എസ്.എസ്.എ, ആർ.എം.എസ്.എ, ഐ.ടി@ സ്കൂൾ എന്നിവ വഴിനിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് മികച്ച അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെട്ട പഠന സൗകര്യവും, മെച്ചപ്പെട്ട അദ്ധ്യാപന നിലവാരം ഉറപ്പു വരുത്തുന്നതിനും മികച്ച രീതിയിലുള്ള പാഠ്യ പദ്ധതി പരിഷ്കരണവും അദ്ധ്യാപക പരിശീലനം എന്നിവ ഐ.ടി@സ്കൂളിന്റെ നേതൃത്വത്തിൽ ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം എന്നിവയും നടപ്പിലാക്കി വരുന്നു.<br>പാഠപുസ്തകങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും അവ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ തന്നെ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രിന്റിംഗ് കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് കേന്ദ്രീകൃത ഹബ്ബുകൾ മുഖേന സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്ന സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖല സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തുടനീളം ഒരു ഏകീകൃത സിലബസ്സും സ്ഥാപന നടത്തിപ്പുകൾക്ക് ഏകീകൃത ചട്ടങ്ങളും ഉണ്ടാക്കുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്ത മാക്കുമോ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ